ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശപര്യടനം ഇന്ന് ആരംഭിക്കും; ശിവസേന എം.പി ശ്രീകാന്ത് ഷിൻഡെ നയിക്കുന്ന സംഘം ഇന്ന് യാത്ര തിരിക്കും.

   **India's diplomatic outreach on Operation Sindoor will begin Today; Team led by Shiv Sena MP Shrikant Shinde to depart today.**

2. രാജസ്ഥാനിലെ ബിക്കാനീറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികൾ നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിക്കും; രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നാളെ നിർവ്വഹിക്കും.

   **Prime Minister Narendra Modi to dedicate development projects worth ₹26,000 crore to the nation in Bikaner, Rajasthan tomorrow; will also inaugurate 103 Amrit Bharat Railway Stations across the country.**

3. മലപ്പുറത്ത് ദേശീയ പാത 66 നിർമാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ വിദഗ്ധ സമിതി ഇന്ന്

സന്ദർശനം നടത്തും; നിർമാണത്തിൽ വീഴ്ചയുണ്ടായോ എന്ന് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**National Highway Expert committee to visit Malappuram today to probe irregularities in NH 66 construction; CM Pinarayi Vijayan says lapses in construction will be examined.**

4. ജർമനിയിൽ നടക്കുന്ന ഐ.എസ്.എസ്.എഫ് ജൂനിയർ ലോകകപ്പ് ഷൂട്ടിങ്ങിൽ വെള്ളി മെഡൽ നേട്ടവുമായി ഇന്ത്യയുടെ അഡ്രിയാൻ കർമാകർ.

**India's Adrian Karmakar wins silver medal at ISSF Junior World Cup shooting event in Germany.**

5. ഗസയിലെ സൈനിക ആക്രമണങ്ങളിൽ ഇസ്രയേലിനെതിരെ ഉപരോധം ഏർപ്പെടുത്തുമെന്ന കർശന മുന്നറിയിപ്പുമായി യു.കെ , ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങൾ.

**UK, France, and Canada issue stern warning of potential sanctions against Israel over military attacks in Gaza.**

&&&&&&&&&&&&&&&&&&&&&&&&

## MISRI-DELEGATION ( INTRO )

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശപര്യടനം ഇന്ന് ആരംഭിക്കും. ശിവസേന എം.പി ശ്രീകാന്ത് ഷിൻഡെ നയിക്കുന്ന സംഘം ഇന്ന് യു.എ.ഇ, ലൈബീരിയ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, സിയറ ലിയോൺ എന്നിവിടങ്ങളിലേക്ക് യാത്ര തിരിക്കും. നയതന്ത്ര വിദേശപര്യടനത്തിന് മുന്നോടിയായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നലെ പാർലമെന്റ്

അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതിർത്തി കടന്നുള്ള ഭീകര പ്രവർത്തനങ്ങൾക്ക് പാകിസ്ഥാൻ പ്രോത്സാഹനം നൽകുന്നത് സംബന്ധിച്ച് തന്റെ പ്രതിനിധി സംഘത്തിന് വിശദീകരിച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീകാന്ത് ഷിൻഡെ മാധ്യമങ്ങളോട് പറഞ്ഞു.

( വോയിസ്.... )

ജെ.ഡി.യു അംഗം സഞ്ജയ് ഝാ, ഡി.എം.കെ എം.പി കനിമൊഴി കരുണാനിധി എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ട് സംഘങ്ങൾ നാളെ യാത്ര തിരിക്കും. സഞ്ജയ് ഝാ നയിക്കുന്ന സംഘം ഇന്തോനേഷ്യ, മലേഷ്യ, റിപ്പബ്ലിക് ഓഫ് കൊറിയ, ജപ്പാൻ, സിംഗപ്പൂർ എന്നിവിടങ്ങളും കനിമൊഴി നയിക്കുന്ന സംഘം സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, റഷ്യ എന്നിവിടങ്ങളും സന്ദർശിക്കും. അടുത്ത മാസം 5 വരെ 59 എം.പിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിലാണ് സന്ദർശനം നടത്തുക.

&&&&&&&&&&&&&&&&&&&&&&&&&

## PM-RAJASTHAN VISIT

രാജസ്ഥാനിലെ ബിക്കാനീറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികൾ നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിക്കും. റെയിൽവേ, റോഡ്‌വേകൾ, വൈദ്യുതി, ജലം, പുനരുപയോഗ ഊർജ്ജ മേഖലകൾ എന്നിവ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നതാണ് പദ്ധതികൾ. രാജസ്ഥാനിലെ റോഡുകളുടെ വികസനത്തിനായി അടിപാതകളുടെ നിർമ്മാണം, ദേശീയ പാതകളുടെ വീതി കൂട്ടൽ, എന്നിവയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&&&&&&&&

## PM – AMRUT BHARAT

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും ഇതിൽ ഉൾപ്പെടുന്നു. രാജസ്ഥാനിലെ ബിക്കാനിറിലാണ് ചടങ്ങ് നടക്കുന്നത്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽ സ്റ്റേഷനുകളാണ് നവീകരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&

## CM –KERALA

കേരള സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് വെള്ളിയാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ പുറത്തിറക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വരുന്ന നവംബർ ഒന്നിന് അതിദാരിദ്ര മുക്ത കേരളം യാഥാർഥ്യമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇന്ന് മലപ്പുറം ജില്ലാതല യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&

## MALAPPURAM –NATIONAL HIGHWAY

മലപ്പുറത്ത് ദേശീയ പാത 66 നിർമ്മാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ ദേശീയപാത അതോറിറ്റി നിയോഗിച്ച വിദഗ്ധ സമിതി ഇന്ന് സ്ഥലം സന്ദർശിക്കും. കൂരിയാടിനും, കൊളപ്പുറത്തിനുമിടയിലാണ് കഴിഞ്ഞ ദിവസം ദേശീയപാതയുടെ ഒരുഭാഗം സർവീസ് റോഡിലേക്ക് ഇടിഞ്ഞുവീണത്. നിർമാണത്തിൽ വീഴ്ചയുണ്ടായോ എന്ന് ദേശീയ പാത അതോറിറ്റിയുമായി ചേർന്ന് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി ഇന്നലെ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## KOZHIKODE FIRE -CM

കോഴിക്കോട് പുതിയ ബസ് സ്റ്റാൻ്റ് കെട്ടിടത്തിലുണ്ടായ തീപിടുത്തം സംബന്ധിച്ച് ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പഴയ കെട്ടിടങ്ങൾക്ക് ഫയർ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നില്ലെന്നും അതുണ്ടാകണമെന്നും അദ്ദേഹം നിർദേശിച്ചു. അതിനിടെ, തീപിടുത്തമുണ്ടായ കെട്ടിടത്തിൽ നിന്നും ഇന്നലെ രാത്രി വീണ്ടും ചെറിയ തോതിൽ പുകയുയർന്നു. കോഴിക്കോട് ബീച്ച് ഫയർ യൂണിറ്റ് എത്തി തീ അണച്ചു.

&&&&&&&&&&&&&&&&&&&&&&&&

## SHAH- DAIRY SECTOR MEETING

' ധവള വിപ്ലവം 2.0' യിലൂടെ, സഹകരണ ക്ഷീര മേഖലയിൽ സുസ്ഥിര വികസനവും ചാക്രിക സമ്പദ്വ്യവസ്ഥയും ഉറപ്പാക്കണമെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. മേഖലയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന സുപ്രധാന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സംയോജിത സഹകരണ സംഘങ്ങളുടെ ശൃംഖല സൃഷ്ടിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കാൻ കഴിയുമെന്ന് ശ്രീ.ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

## PM-GERMAN CHANCELLOR

പ്രധാനമന്ത്രി നരേന്ദ്ര മോദി ജർമൻ ചാൻസലർ ഫ്രെഡറിക് മെർസുമായി ടെലിഫോൺ സംഭാഷണം നടത്തി. ചാൻസലറായി സ്ഥാനമേറ്റെടുത്ത അദ്ദേഹത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ

ശക്തിപ്പെടുത്തുമെന്നും ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഒറ്റക്കെട്ടായി നിലകൊള്ളുമെന്നും ഇരു നേതാക്കളും പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

## ARMY - GOLDEN TEMPLE

സുവർണ്ണ ക്ഷേത്രത്തിൽ വ്യോമ പ്രതിരോധ സംവിധാനങ്ങൾ വിന്യസിച്ചെന്ന റിപ്പോർട്ടുകൾ നിഷേധിച്ച് ഇന്ത്യൻ സൈന്യം. അമൃത്സറിലെ ശ്രീ ദർബാർ സാഹിബിന്റെ പരിസരത്ത് വ്യോമ പ്രതിരോധ സംവിധാനങ്ങളോ മറ്റ് ഉപകരണങ്ങളോ വിന്യസിച്ചിട്ടില്ലെന്ന് ഇന്ത്യൻ സൈന്യം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

## WAQF-SC

വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ സുപ്രീം കോടതി ഇന്ന് കേന്ദ്ര സർക്കാരിൻറെ വാദം കേൾക്കും. ഹർജിയിൽ ഇന്നലെ സുപ്രീം കോടതി മൂന്ന് മണിക്കൂറിലേറെ വാദം കേട്ടു. വ്യക്തമായ കാരണങ്ങളും, ഗുരുതരമായ പ്രശ്നങ്ങളും ഉണ്ടെങ്കിൽ മാത്രമേ നിയമത്തിൽ ഇടപെടാൻ സാധിക്കൂ എന്ന് കോടതി നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## SC-JUDICIAL SERVICES

ജുഡീഷ്യൽ സർവീസിലെ എൻട്രി ലെവൽ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് അഭിഭാഷകനായി കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം ആവശ്യമാണെന്ന വ്യവസ്ഥ സുപ്രീം കോടതി പുനഃസ്ഥാപിച്ചു. താൽക്കാലിക എൻറോൾമെന്റ് തീയതി മുതൽ പ്രാക്ടീസ് കാലയളവ് കണക്കാക്കാം. ഭാവിയിലെ നിയമനങ്ങൾക്ക് മാത്രമേ വ്യവസ്ഥ ബാധകമാകൂ എന്നും കോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

## ANTI-TERRORISM DAY

ഇന്ന് ദേശീയ ഭീകരവിരുദ്ധ ദിനം. ഭീകരതയും അക്രമവും ജനങ്ങളിലും സമൂഹത്തിലും രാജ്യത്താകമാനവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് എല്ലാ വർഷവും മെയ് 21 ന് ഭീകര വിരുദ്ധ ദിനമായി ആചരിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഭീകര വിരുദ്ധ പ്രതിജ്ഞ എടുക്കും.

&&&&&&&&&&&&&&&&&&&&&&&&

## UP-RAJNATH (INTRO)

ഓപ്പറേഷൻ സിന്ദൂരിലൂടെ നിരവധി ഭീകരരെ ഇല്ലായ്മ ചെയ്യുന്നതിൽ ഇന്ത്യൻ സായുധ സേന വിജയിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. അതിർത്തിക്കപ്പുറത്തുള്ള ഭീകര കേന്ദ്രങ്ങളെ കൃത്യതയോടെയും അച്ചടക്കത്തോടെയും ലക്ഷ്യം വച്ച ഇന്ത്യൻ സായുധ സേന അഭിനന്ദനം അർഹിക്കുന്നതായി ലഖ്നൗവിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് ശ്രീ സിംഗ് പറഞ്ഞു.

(ഹോൾഡ് വോയിസ് )

അമൗസിയിൽ നിന്ന് നാദർഗഞ്ച് വരെ സംഘടിപ്പിച്ച തിരംഗ യാത്രയിലും രാജ്യരക്ഷാ മന്ത്രി പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&

## ISSF JUNIOR WORLD CUP

ജർമനിയിൽ നടക്കുന്ന ഐ.എസ്.എസ്.എഫ് ജൂനിയർ ലോകകപ്പ് ഷൂട്ടിങ്, 50 മീറ്റർ റൈഫിൾ പ്രോൺ ഇനത്തിൽ ഇന്ത്യയുടെ അഡ്രിയാൻ കർമാകർ വെള്ളി മെഡൽ നേടി. സ്വർണം നേടിയ

സ്വീഡൻ താരത്തേക്കാൾ 0.3 പോയിന്റ് മാത്രം പിന്നിലായാണ് ഇരുപതുകാരനായ അഡ്രിയാൻ രണ്ടാം സ്ഥാനത്തെത്തിയത്.

&&&&&&&&&&&&&&&&&&&&&&&&

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്നലെ നടന്ന മത്സരത്തിൽ 188 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ റോയൽസ് 17.1 ഓവറിൽ ലക്ഷ്യം മറികടക്കുകയായിരുന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&

## IMD WEATHER

കർണാടകയുടെ തീരദേശ മേഖലകളിൽ ഉൾപ്പടെ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മുംബൈ, കൊങ്കൺ മേഖല, അസം, മേഘാലയ, ആന്ധ്രാപ്രദേശ്, ബീഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, ഇന്നും നാളെയും പശ്ചിമ രാജസ്ഥാനിൽ ഉഷ്ണതരംഗം ശക്തമാകുമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## RAIN –KERALA

കേരളത്തിലും വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. അടുത്ത രണ്ടു മൂന്നു ദിവസങ്ങളിൽ കേരളത്തിൽ കാലവർഷം എത്തിച്ചേരുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന്

ഈ മാസം 24 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## CBC AWARENESS

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള-ലക്ഷദ്വീപ് മേഖലയിൽ സർക്കാരിൻറെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ഒരു വർഷത്തേക്ക് ടെൻഡർ ക്ഷണിച്ചു. ജൂൺ മൂന്നിന് മുൻപായി അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് cbcindia.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 99 95 32 35 57 എന്ന ഫോൺ നമ്പറിലും വിവരങ്ങൾ ലഭ്യമാണ്.

&&&&&&&&&&&&&&&&&&&&&&&&

## ISREAL GAZA

ഗസയിലെ സൈനിക ആക്രമണങ്ങളിൽ ഇസ്രായേലിന് കർശന മുന്നറിയിപ്പ് നൽകി യു.കെ, ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങൾ. ആക്രമണം അവസാനിപ്പിക്കുകയും സഹായങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുകയും ചെയ്യില്ലെങ്കിൽ, ഉപരോധങ്ങൾ ഉൾപ്പെടെയുള്ള നടപടികളിലേക്ക് കടക്കുമെന്നാണ് മുന്നറിയിപ്പ്. ആക്രമണങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ വെടിനിർത്തൽ അനിവാര്യമാണെന്ന് ആവർത്തിച്ചു. സമീപ ദിവസങ്ങളിൽ ഗസയിലെ ഇസ്രായേൽ ആക്രമണങ്ങളിൽ നൂറുകണക്കിന് പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുകൾ പുറത്തുവന്നതിനെ തുടർന്ന് ഇസ്രായേലിനുമേലുള്ള നയതന്ത്ര സമ്മർദ്ദം രൂക്ഷമായിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&